# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **11.09.2021** മുതൽ **15.09.2021**വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി. 73/2021 | തീയ്യതി: 10/09/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 96.4 | 28.5 – 30.0 | 23.5 – 24.0 | 95 - 96 | 03 - 04 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 11-09-2021 | 12-09-2021 | 13-09-2021 | 14-09-2021 | 15-09-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 20 | 20 | 30 | 30 | 40 |
| കൂടിയ താപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 88 | 88 | 88 | 88 | 88 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 6 | 6 | 6 | 5 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 230 | 230 | 250 | 210 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| | **സപ്തംബർ 12 മുതൽ 15 വരെ ഒറ്റപ്പെട്ട കനത്ത മഴ ലഭിക്കും** |
| **പൊതു നിർദ്ദേശങ്ങൾ** | **വിസ്തൃത മഴ പ്രവചന പ്രകാരം അടുത്തയാഴ്ച പരക്കെ ശരാശരിയേക്കാൾ മഴ ഉണ്ടായേക്കാം.**<br>നെൽ പാടത്തു നല്ല നീർ വാർച്ച ഉറപ്പുവരുത്തുക<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br>കാലി/കോഴിത്തീറ്റകൾ നിറച്ച ചാക്കുകൾ ഈർപ്പം ഇല്ലാത്ത മുറികളിൽ തറനിരപ്പിൽ നിന്ന് ഉയർത്തി മരപ്പലകമേൽ സൂക്ഷിക്കുക.<br>വൃക്ഷവിളകൾ പുതുതായി നാട്ടയിടങ്ങളിൽ നീർവാർച്ച ഉറപ്പു വരുത്തുക .മണ്ണിൽ വായു സഞ്ചാരം ലഭിക്കുന്നതിന് 20-30 സെ .മീ .ആഴത്തിൽ ഇളക്കി കൊടുക്കുക .തടത്തിൽ ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം ഒഴിക്കുക .ഇലകളിലും വളർച്ചാ മുകുളങ്ങളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക . |

<table>
<tr><td>നെല്ല്</td><td>രണ്ടാം വിള (മുണ്ടകൻ) പാടം തയ്യാറാക്കുന്ന സമയം</td><td colspan="2">മണ്ണിൽ ഇരുമ്പിന്റെ അംശം കൂടുതലായതുകൊണ്ട് മണ്ണിലെ പുളിരസം വർദ്ധിക്കുന്നതിനും നെല്ലിന്റെ വളർച്ച മുരടിക്കുന്നതിനും കാരണമാകുന്നു. പറിച്ചു നടുന്നതിനു മുൻപേ പാടത്തു രണ്ടു തവണ എങ്കിലും വെള്ളം കയറ്റി വാർത്തു കളയുക. അതിനു ശേഷം കുമ്മായം/ഡോളമേയ്റ്റ് സെന്റിന് 2കിലോ ഗ്രാം എന്ന തോതിൽ മണ്ണുമായി നന്നായി ചേർത്തിളക്കണം. പറിച്ചു നട്ടതിന് ശേഷം 30-40 ദിവസം കഴിയുമ്പോൾ വീണ്ടും മേൽപ്പറഞ്ഞ അളവിൽ പാടത്തു വിതറി കൊടുക്കേണ്ടതാണ്. നിലമൊരുക്കുന്ന സമയത്തു ചാണകം /കമ്പോസ്റ്റു, പച്ചില വളം എന്നിവ സെന്റിന് 20കിലോ ഗ്രാം എന്ന തോതിൽ ചേർത്ത് ഉഴുതു മറിക്കണം.പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനു ശേഷമേ പാടുള്ളു.</td></tr>
<tr><td>തെങ്ങ്</td><td>വിവിധ ഘട്ടം</td><td>ചെന്നീരൊലിപ്പ്<br></td><td rowspan="2">രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. ഹെക്സകൊണാസോൾ 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br><br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക.</td></tr>
<tr><td>തെങ്ങ്</td><td>വിവിധ ഘട്ടം</td><td>ഗാനോഡർമാ/ കട ചീയൽ<br></td></tr>
<tr><td>കവുങ്ങ്</td><td>കായ്ക്കുന്ന ഘട്ടം</td><td>ഇല/കുല കരച്ചിൽ<br></td><td>ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക</td></tr>
<tr><td>കുരുമുളക്</td><td>കായ്ക്കുന്ന സമയം</td><td>പൊള്ളു കീടവും രോഗവും<br></td><td>മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ 2 മില്ലി ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br><br>ആക്രമണം രൂക്ഷമാണെങ്കിൽ ഹെക്സകൊണസോൾ ഒരു മില്ലി.-ഉം ഡെൽറ്റാമെത്രിൻ അര മില്ലി.-ഉം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി തളിക്കുക</td></tr>
</table>

| | | | |
|---|---|---|---|
| വഴുതിന | തൈകൾ | കടചീയൽ  | ഒരു ലിറ്റർ വെള്ളത്തിന് രണ്ടുഗ്രാം വീതം കലർത്തി ചെടികളിൽ തളിക്കുകയും മണ്ണിൽ കുതിർക്കുകയും ചെയ്യുക |
| വഴുതിന | വിവിധ ഘട്ടം | ഇലകരിച്ചിൽ  | |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി